"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ കേരള റീജിയണൽ ബ്രാഞ്ചിന് 2025 - 26 സാമ്പത്തിക വർഷത്തെ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2788/2025/GAD തീയതി,തിരുവനന്തപുരം, 25-06-2025

---

പരാമർശം:-

1. 16/08/2024ലെ സ.ഉ.(സാധാ) നം. 3675/2024/GAD.
2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ കേരള റീജിയണൽ ബ്രാഞ്ച് സെക്രട്ടറിയുടെ 15/05/2025 ലെ നിവേദനം.

**ഉത്തരവ്**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ കേരള റീജിയണൽ ബ്രാഞ്ചിന് സർക്കാർ നൽകുന്ന 2025-26 വർഷത്തെ ധനസഹായം അനുവദിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ കേരള റീജിയണൽ ബ്രാഞ്ച് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2. പ്രസ്തുത അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ കേരള റീജിയണൽ ബ്രാഞ്ചിനുള്ള 2025-26 സാമ്പത്തിക വർഷത്തെ വാർഷിക ഗ്രാന്റായ 50,000/- (അമ്പതിനായിരം രൂപ മാത്രം) "2070-00-003-98-Subscription to the Indian Institute of Public Administration" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ കേരള റീജിയണൽ ബ്രാഞ്ചിന് മേൽ തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൊതുഭരണ (അക്കൗണ്ട്സ് - ജെ) വകുപ്പ് സ്വീകരിക്കേണ്ടതാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ കേരള റീജിയണൽ ബ്രാഞ്ച് സെക്രട്ടറി ധനസഹായം സംബന്ധിച്ചുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ കേരള റീജിയണൽ ബ്രാഞ്ച്

സെക്രട്ടറിയുടെ;

| | | |
|---|---|---|
| ഫോൺ നമ്പർ | : | 9496253891 |
| ബാങ്ക് അക്കൗണ്ട് നമ്പർ | : | 57037146344 |
| ബ്രാഞ്ച് | : | സ്റ്റേറ്റ്ബാങ്ക് ഓഫ് ഇന്ത്യ, മെയിൻ ബ്രാഞ്ച്, സ്റ്റാച്യൂ തിരുവനന്തപുരം. |
| ഐ.എഫ്.എസ്.സി | : | SBIN0070028 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുധ .ബി**

**അഡിഷണൽ സെക്രട്ടറി**

1. സെക്രട്ടറി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ കേരള റീജിയണൽ ബ്രാഞ്ച്, ശ്രീപാണയത്ത്, ഹൗസ് നം. 18, ശാന്തി നഗർ, ശ്രീകാര്യം, തിരുവനന്തപുരം. 695017
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
3. പൊതുഭരണ (അക്കൗണ്ട്സ് - ജെ) വകുപ്പ്. (3 പകർപ്പുകൾ സഹിതം)
4. പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ്.
5. ധനകാര്യ (വ്യയം-എ) വകുപ്പ് (24/06/2025 ലെ EXP-A2/288/2025/FIN പ്രകാരം)
6. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
7. സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
8. ഐ & പി ആർ ഡി (വെബ് & ന്യൂ മീഡിയ.
9. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (എസ്ഡി1/84/2025/പൊഭവ)

*ഉത്തരവിൻ പ്രകാരം*

Signed by
Badusha S
Date: 25-06-2025 12:55:00

*സെക്ഷൻ ഓഫീസർ*